LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർജൻ ഉൾപ്പെടെയുള്ള വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിരുന്ന പുതുക്കിയ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയതു ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഡയാലിസിസ് യൂണിറ്റിനായി കായംകുളം മുനിസിപ്പാലിറ്റിയുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ അടിസ്ഥാനത്തിൽ 40,00,000 (നാല്പത് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്. 2016 മാർച്ച് 31-ന് മുമ്പായി പണി പൂർത്തിയാകുന്നതാണ്. പതിമൂന്നാമത് ധനകാര്യ കമ്മീഷൻ മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ട്രോമോ കെയർ തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ട്രോമോ കെയർ യൂണിറ്റിനായി കെട്ടിടം നിലവിലുണ്ട്. ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെങ്കിലും അടിയന്തര ചികിത്സാ സഹായം നൽകുന്നതിന് തടസ്സമില്ല. കൂടാതെ 2015-16-ൽ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് തുടങ്ങുന്നതിനുള്ള ശിപാർശ പരിഗണനയിലാണ്.

**ചോറ്റുപാറ ഗവ. ഹോമിയോ ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകൾ**

60(2528) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ചോറ്റുപാറ ഗവ. ഹോമിയോ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണ്; കിടത്തി ചികിൽസാ സൗകര്യം ഉള്ള പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ മരുന്ന് ക്ഷാമത്തിന് പരിഹാരം കാണുമോ;

(ഡി) ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3 തസ്തികകൾ.

1. ആശുപത്രി സൂപ്രണ്ട് - 1(ഒഴിവ്)

2. മെഡിക്കൽ ഓഫീസർ -1 (ഒഴിവ്)

3. റെസിഡന്റ് മെഡിക്കൽ ഓഫീസർ - 1 (ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ്)

(ബി) റെസിഡന്റ് മെഡിക്കൽ ആഫീസറുടെ സേവനം ലഭ്യമാണ്. രണ്ട് ദിവസവേതന മെഡിക്കൽ ആഫീസർമാരെയാണ് രോഗികളെ പരിശോധിക്കുന്നതിനായി നിയോഗിച്ചിരിക്കുന്നത്.

(സി) 2015-16 വർഷത്തിൽ അനുവദിച്ചിട്ടുള്ളതിനേക്കാൾ (അനുവദിച്ചിട്ടുള്ള ഫണ്ട് 5000 രൂപ) അധിക തുക 2016-17 സാമ്പത്തിക വർഷത്തിൽ മരുന്നിനായി അനുവദിക്കാമെന്ന് നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രശ്നത്തിന് പരിഹാരമായി കോട്ടയം റീജിയണൽ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് എത്തിച്ചിട്ടുണ്ട്.

(ഡി) 1. നഴ്സ് - 1, ലാബ് ടെക്നീഷ്യൻ - 1, സൂപ്രണ്ട് - 1, മെഡിക്കൽ ഓഫീസർ- 1 എന്നീ തസ്തികകളിൽ നിയമനം നടത്തിയും വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന ലാബ് ടെക്നീഷ്യൻ തസ്തികകയിൽ എച്ച്.എം.സി.-യിൽ നിന്നും വേതനം നൽകി ആഴ്ചയിൽ മൂന്ന് ദിവസം ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കി ലാബ് പ്രവർത്തിക്കുന്നുണ്ട്.

2. നിലവിൽ സീതാലയം മാസത്തിൽ രണ്ട് ദിവസത്തെ ഒ.പി.-യും സദ്ഗമയ 8 ദിവസത്തെ ഒ.പി.-യും പ്രവർത്തിക്കുന്നു. സദ്ഗമയ ടീച്ചറുടെ സേവനം മാസത്തിൽ രണ്ട് ദിവസം ലഭ്യമാണ്. ആശുപത്രിയിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർമാർ തന്നെ സ്പെഷ്യൽ ഒ.പി.-യിലും ദിവസങ്ങൾ ക്രമീകരിച്ച് ഒ.പി.-യിലും പ്രവർത്തിക്കുന്നു.

3. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഫണ്ടിൽ നിന്നും തുക നൽകി പേ വാർഡ് പണികഴിപ്പിച്ചിട്ടുണ്ട്. പുരുഷൻമാരുടെ വാർഡിൽ സ്ഥലമില്ലാത്തതിനാൽ ഒരു മെയിൽ വാർഡ് കൂടി പണി കഴിപ്പിച്ച് പരിഹാരം കാണാവുന്നതാണ്.